പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3405 16.12.2015-ൽ മറുപടിയ്ക്ക്

## ഗവൺമെന്റ് പ്രസ്സുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കെ.കെ.നാരായണൻ<br>ശ്രീമതി.കെ.എസ്.സലീഖ | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിലുള്ള ഗവൺമെന്റ് പ്രസ്സുകളെ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; നിലവിലുള്ള പ്രസ്സുകളും സംവിധാനങ്ങളും പ്രിന്റിംഗ് ആവശ്യങ്ങൾക്ക് പര്യാപ്തമാണോ; | (എ) അച്ചടി വകുപ്പിൻ കീഴിൽ ആകെ 11 ഗവൺമെന്റ് പ്രസ്സുകളാണ് നിലവിലുള്ളത്. ഗവൺമെന്റ് സെൻട്രൽ പ്രസ്സ്, തിരുവനന്തപുരം; സർക്കാർ മുദ്രനിർമ്മാണശാല, തിരുവനന്തപുരം; സെൻട്രൽ പ്രിസൺ പ്രസ്സ് , പൂജപ്പുര; ഗവൺമെന്റ്പ്രസ്സ് മണ്ണന്തല, തിരുവനന്തപുരം; ഗവൺമെന്റ്പ്രസ്സ്, വാഴൂർ, കോട്ടയം; ഗവൺമെന്റ്പ്രസ്സ് എറണാകുളം ;ഗവൺമെന്റ് പ്രസ്സ് , ഷൊർണ്ണൂർ; ഗവൺമെന്റ് പ്രസ്സ്, കോഴിക്കോട്; ഗവൺമെന്റ്പ്രസ്സ്, കണ്ണൂർ; ഗവൺമെന്റ് പ്രസ്സ്; കൊല്ലം; ഗവൺമെന്റ് പ്രസ്സ്, വയനാട് എന്നീ ഗവൺമെന്റ് പ്രസ്സുകളാണ് നിലവിലുള്ളത്. അതിൽ മണ്ണന്തല , വാഴൂർ, ഷൊർണ്ണൂർ എന്നിവിടങ്ങളിലെ ഗവൺമെന്റ് പ്രസ്സുകളിൽ വെബ്ഓഫ്സെറ്റ് മെഷീനുകൾ 3 എണ്ണവും കോഴിക്കോട്, ഷൊർണ്ണൂർ, വാഴൂർ എന്നീ ഗവൺമെന്റ് പ്രസ്സുകളിൽ റീൽപേപ്പർ ഗോഡൗണുകളും സ്ഥാപിച്ചിട്ടുണ്ട്. പാഠപുസ്തകഅച്ചടിക്കും മറ്റും ഇപ്പോഴത്തെ യന്ത്രങ്ങൾ പര്യാപ്തമാണ്. എന്നാൽ സർക്കാർ ലോട്ടറി ടിക്കറ്റുകളുടെ അച്ചടിക്ക് പര്യാപ്തമായ ആധുനിക സംവിധാനങ്ങൾ നിലവിലില്ല. |

| | |
|---|---|
| (ബി) സർക്കാർ പ്രസിദ്ധീകരണങ്ങൾ ഗവൺമെന്റ് പ്രസ്സുകളിൽ അച്ചടിക്കാതെ അവയുടെ അച്ചടി അന്യസംസ്ഥാനത്തിലേക്ക് മാറ്റുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (ബി) വിവരം ശേഖരിച്ചുവരുന്നു. |
| (സി) ഗവൺമെന്റ് പ്രസ്സുകൾ ആധുനികവത്ക്കരിച്ച് നവീന സാങ്കേതിക വിദ്യയിലുള്ള അച്ചടിയന്ത്രങ്ങൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) ഉണ്ട് |
| (ഡി) പ്രസ്സുകളിൽ യോഗ്യതയും പരിചയസമ്പത്തും തൊഴിൽ നൈപുണ്യവുമുള്ളവരുടെ കുറവ് നിലനിൽക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) ഇല്ല |

സെക്ഷൻ ഓഫീസർ